# Dakshina Kerala Jam-iyyathul Ulama

H.O. Kollam


ജുമുഅ പ്രഭാഷണം " പാപമോചനത്തിന്റെ സുവർണ്ണാവസരം " (09/06/17)


അവതരണം: സി.എ. മൂസാ മൗലവി MA MFB,Ph: 9447465648


➢ മനുഷ്യനെ ബാധിക്കുന്ന ഗുരുതരമായ പ്രതിസന്ധിയാണ് രോഗം. അത് ജീവിതത്തെ തകർത്തുകളയും. ഓടി നടന്ന മനുഷ്യന് പരസഹായം വേണ്ടി വരുന്നു. ജീവിതത്തിലെ ബാക്കി സൗകര്യങ്ങളൊന്നും അനുഭവിക്കാൻ കഴിയാതെയാകും. ഭക്ഷണം, സമ്പത്ത്, വാഹനം...

അതുകൊണ്ട് എന്തുവിലകൊടുത്തും ചികിത്സിക്കാൻ തയ്യാറാകുന്നു, കിടപ്പാടം വിറ്റും പരസഹായം തേടിയും എങ്ങനേയും രോഗം മാറണമെന്ന് ആഗ്രഹിക്കുന്നു.

➢ ഇതെല്ലാം ശാരീരിക രോഗത്തേക്കുറിച്ചാണെങ്കിൽ റൂഹിനേയും രോഗങ്ങൾ ബാധിക്കുന്നുണ്ട്. കൃത്യമായി ചികിത്സിച്ചില്ലെങ്കിൽ റൂഹ് നാശമടയും. ശാശ്വത ജീവിതം തകരാൻ കാരണമാകും

➢ ആത്മാവിന്റെ രോഗങ്ങൾ പാപങ്ങളാണ്.

عَنْ أَنَسِ بْنِ مَالِكٍ  قَالَ : قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ : أَلا أَدُلُّكُمْ عَلَى دَائِكُمْ وَدَوَائِكُمْ ، أَلا إِنَّ دَاءَكُمُ الذُّنُوبُ وَدَوَاؤُكُمُ الاسْتِغْفَارُ (بيهقي)

നിസാരമായി നാം കാണുന്ന പല തെറ്റുകളും അല്ലാഹുവിന്റെ അടുക്കൽ വലിയ പാപങ്ങളാണ്. ഉദാ: മൂത്രശുദ്ധീകരണം നടത്താത്തയാളുടെ ഖബർ ശിക്ഷ.

وَتَحْسَبُونَهُ هَيِّنًا وَهُوَ عِندَ اللَّهِ عَظِيمٌ ﴿النور ١٥﴾

അപ്പോൾ ഒരു മനുഷ്യായുസ്സിലുണ്ടാകുന്ന ആകെ തിന്മകളുടെ അവസ്ഥ എത്രയോ ഭയാനകമാകും.

➢ പാപങ്ങൾക്ക് പരലോക ശിക്ഷ മാത്രമല്ല, ഭൗതിക ജീവിതത്തേയും അത് താറുമാറാക്കും.

وقال ابن عباس وأنس  رضي الله عنهم  :  إِنَّ لِلسيئةِ ظُلمةً فِي القَلبِ ، وَشَيْنًا فِي الْوَجهِ ، وَوَهْنًا فِي الْبَدنِ ، وَنَقْصًا فِي الرِّزْقِ ، وَبُغْضَةً فِي قُلوبِ الْخَلْقِ (الجواب الكافي)

(=പാപങ്ങൾ ഹൃദയത്തിൽ ഇരുളും മുഖത്ത് കരുവാളിപ്പും, ശരീരത്തിൽ രോഗവും സമ്പത്തിൽ കുറവും ജനഹൃദയങ്ങളിൽ വെറുപ്പും ഉണ്ടാക്കും.)

പാപങ്ങൾ ആത്മാവിനേയും ശരീരത്തേയും ബാധിക്കുമെന്നും സാമ്പത്തിക ഞെരുക്കമുണ്ടാക്കുമെന്നുമാണ് മഹാനവർകൾ പറയുന്നത്.

ഉദാ: റോമൻ സാമ്രാജ്യം എല്ലാ ശക്തിയുമുള്ളവരായിരുന്നു, അവർക്കെതിരെ സ്വഹാബത്ത് യുദ്ധത്തിനെത്തിയപ്പോൾ അവർ ആയുധം വെച്ച് കീഴടങ്ങി. കാരണം: അവരെ തോല്പ്പിക്കാനാവില്ലെന്ന് ബോധ്യപ്പെട്ടു..

إِنَّ الْقَيْقَلَانَ مِن قَادَةِ الرُّومِ بَعَثَ رَجلًا مِن نَصارى العربِ يَجُسُّ لَهُ أَمْرَ الصَّحابةِ ، فَلمَّا رجعَ إِليه قال : وَجدتُ قَومًا رُهْبَانًا بِاللَّيلِ فُرْسَانًا بِالنَّهَارِ (البداية والنهاية)

(=സ്വഹാബത്തിനെ നിരീക്ഷിക്കാൻ റോം സൈന്യാധിപനായ ഖയ്ഖലാൻ അയച്ച ചാരൻ മടങ്ങിവന്ന് പറഞ്ഞു: അവൻ രാത്രിയിൽ ആരാധനാ നിമഗ്നരും പകൽ അശ്വാരൂഢരുമാണ്.)

ചുരുക്കത്തിൽ: തിന്മകൾ ശരീരത്തെ ദുർബലമാക്കും. ഭൗതീക നാശമുണ്ടാക്കും. ഒപ്പം പരലോകവും നഷ്ടപ്പെടുത്തും.

➤ ഈ പാപങ്ങൾ മാപ്പാക്കാനും മായ്ച്ച് കളയാനും അല്ലാഹു കാണിക്കുന്ന ഔദാര്യമാണ് അവൻ നമ്മോട് ചെയ്യുന്ന ഏറ്റവും വലിയ കാരുണ്യം.

إِنَّ رَبَّكَ وَاسِعُ الْمَغْفِرَةِ ۚ﴿نجم ٣٢﴾

عَنْ أَنَسٍ قَالَ: سَمِعْتُ رَسُولَ اللهِ يَقُولُ:قَالَ اللهُ تَعَالَى: "يَا ابْنَ آدَمَ إِنَّكَ مَا دَعَوْتَنِي وَرَجَوْتَنِي غَفَرْتُ لَكَ عَلَى مَا كَانَ مِنْكَ وَلَا أُبَالِي، يَا ابْنَ آدَمَ لَوْ بَلَغَتْ ذُنُوبُكَ عَنَانَ السَّمَاءِ ثُمَّ اسْتَغْفَرْتَنِي غَفَرْتُ لَكَ، يَا ابْنَ آدَمَ إِنَّكَ لَوْ أَتَيْتَنِي بِقِرَابِ الأَرْضِ خَطَايَا ثُمَّ لَقِيْتَنِي لَاتُشْرِكُ بِي شَيْئاً لَأَتَيْتُكَ بِقِرَابِهَا مَغْفِرَةً (ترمذي)

(=മനുഷ്യാ നീ പ്രാർത്ഥിക്കുകയും പ്രതീക്ഷ അർപ്പിക്കുകയും ചെയ്യുന്ന കാലത്തോളം ഞാൻ നിന്റെ ദോഷങ്ങൾ പൊറുക്കും. എനിക്കത്‌വിഷയമല്ല. നിന്റെ പാപങ്ങൾ ആകാശത്തോളം ആയാലും നീ ചോദിച്ചാൽ ഞാൻ പൊറുത്ത് തരാം. എനിക്കത് പ്രശ്നമല്ല. ഭൂമി നിറയെ നീ പാപം ചെയ്താലും ശിർക്കില്ലെങ്കിൽ ഭൂമി നിറയെ ഞാൻ പാപമോചനം നൽകാം)

➤ പാപമോചനത്തിന്റെ മാസമായ റമളാനിൽ അതിന് മാത്രമായി 10 ദിവസങ്ങൾ അവൻ നീക്കിവെച്ചു. ഇളവിന്റെ കാലം. അപേക്ഷകളെല്ലാം പരിഗണിക്കും. അത് ഉപയോഗപ്പെടുത്തണം.

➤ പാപമോചനത്തിന്റെ വഴി തൗബയാണ്.

يَا أَيُّهَا الَّذِينَ آمَنُوا تُوبُوا إِلَى اللَّهِ تَوْبَةً نَّصُوحًا عَسَىٰ رَبُّكُمْ أَن يُكَفِّرَ عَنكُمْ سَيِّئَاتِكُمْ وَيُدْخِلَكُمْ جَنَّاتٍ تَجْرِي مِن تَحْتِهَا الْأَنْهَارُ يَوْمَ لَا يُخْزِي اللَّهُ النَّبِيَّ وَالَّذِينَ آمَنُوا مَعَهُ ۖ﴿تحريم ٨﴾

അതിന്റെ 4 നിബന്ധനകളും പൂർത്തിയാക്കണം.

أُطْلُبْ مَتَابًا بِالنَّدَامَةِ مُقْلِعَا : وَبِعَزْمِ تَرْكِ الذَّنْبِ فِيمَا اسْتَقْبَلَا

وَبَرَاءَةٍ مِنْ كُلِّ حَقِّ الآدَمِي : وَلِهَذِهِ الأَرْكَانِ فَارِعْ وَكَمِّلَا

ഈ നിബന്ധനകൾ ഖുർആനിൽ തന്നെ കാണാം.

وَإِنِّي لَغَفَّارٌ لِّمَن تَابَ وَآمَنَ وَعَمِلَ صَالِحًا ثُمَّ اهْتَدَىٰ ۖ﴿طه ٨٢﴾

➤ തൗബയുടെ ഏറ്റവും വലിയ മഹത്വം ദോഷങ്ങളെ പൊറുപ്പിക്കുമെന്നു മാത്രമല്ല, ആ ദോഷങ്ങളെ നന്മയായി അത് രൂപാന്തരപ്പെടുത്തുന്നു എന്നാണ്.

إِلَّا مَن تَابَ وَآمَنَ وَعَمِلَ عَمَلًا صَالِحًا فَأُولَٰئِكَ يُبَدِّلُ اللَّهُ سَيِّئَاتِهِمْ حَسَنَاتٍ ۗ وَكَانَ اللَّهُ غَفُورًا رَّحِيمًا﴿فرقان ٧٠﴾ إِنَّ تِلْكَ السَّيِّئَاتِ الْمَاضِيَةَ تَنْقَلِبُ بِنَفْسِ التَّوْبَةِ النَّصُوحِ حَسَنَاتٍ ، وَمَا ذَاكَ إِلَّا أَنَّهُ كُلَّمَا تَذَكَّرَ مَا مَضَى نَدِمَ وَاسْتَرْجَعَ وَاسْتَغْفَرَ ، فَيَنْقَلِبُ الذَّنْبُ طَاعَةً بِهَذَا الِاعْتِبَارِ (ابن كثير)

(=തിന്മകളെ നന്മകളാക്കി മാറ്റും എന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യം: ജീവിതത്തിൽ കഴിഞ്ഞു പോയ പാപങ്ങളെ അല്ലാഹു നന്മകളായി മാറ്റി മറിക്കും എന്നാണ്. കാരണം: പാപത്തെ സംബന്ധിച്ചുള്ള അവന്റെ ദു:ഖം സൽകർമ്മമാണ്. അതുവഴി പാപത്തിന്റെ എണ്ണ ത്തോളം സൽകർമ്മം രൂപപ്പെടുകയുണ്ടായി)

➤ കൂടാതെ തൗബ അല്ലാഹു ഇഷ്ടപ്പെട്ടവരിൽ നമ്മെ ഉൾപ്പെടുത്താൻ കാരണമാകും.

إِنَّ اللَّهَ يُحِبُّ التَّوَّابِينَ وَيُحِبُّ الْمُتَطَهِّرِينَ﴿البقرة ٢٢٢﴾

അല്ലാഹു സ്നേഹിച്ചാൽ തിരുനബി(സ)യുടേയും ഔലിയാക്കളുടേയും മലക്കുകളുടേയും സ്നേഹം ലഭിക്കും.

ആ ഭാഗ്യത്തിനായി പരിശ്രമിക്കുക.